305 ചില്ലറ വില്പനശാലകളിൽ 88 എണ്ണം ലാഭത്തിലും 217 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. അതുവഴിയുള്ള നഷ്ടം 34.52 കോടി രൂപയാണ്. ചില്ലറ വില്പനയിൽ ഇങ്ങനെ നഷ്ടം വരാൻ കാരണം വർദ്ധിച്ച കിസ്ത് നിരക്കിനാലാണ്. ഒരു ഷോപ്പിന് ശരാശരി ഒരു വർഷം 51 ലക്ഷം രൂപയാണ് ഈ ഇനത്തിൽ അടക്കേണ്ടിവരുന്നത്. ശരാശരി കിസ്ത് 51 ലക്ഷം രൂപയായിരിക്കേ കിസ്ത് അടക്കുന്നതിനും മറ്റു ചെലവുകൾക്കുമായി മാത്രം ദിവസേന 1,82,000 (ഒരു ലക്ഷത്തി എൺപത്തിരണ്ടായിരം) രൂപയുടെ ശരാശരി വില്പന ഓരോ ഷോപ്പിലും നടക്കേണ്ടിയിരിക്കുന്നു. വ്യാജ മദ്യത്തെ ഇല്ലാതാക്കാനായി കോർപ്പറേഷൻ പല ഷോപ്പുകളും പുതുതായി തുറന്നത് ദിവസ വരുമാനം വളരെ കുറഞ്ഞ മേഖലകളിലാണ്. അതിനാലാണ് ചില്ലറവില്പന ശാലകൾ ഒറ്റക്കൊറ്റയ്ക്ക് എടുത്താൽ ഭൂരിപക്ഷവും നഷ്ടത്തിലാകുന്നത്.

ബീവറേജസ് കോർപ്പറേഷന് ലഭിക്കുന്ന ഇൻസെന്റീവ്

99 [2819] ശ്രീ. ഇ. എം. അഗസ്തി :
,, വി. ജെ. പൗലോസ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, വർക്കല കഹാർ :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബീവറേജസ് കോർപ്പറേഷൻ ആരിൽ നിന്നെല്ലാമാണ് മദ്യം വാങ്ങുന്നത്;

(ബി) ബീവറേജസ് കോർപ്പറേഷനു മാത്രം മദ്യ ഉല്പാദകരിൽ നിന്നും ഇൻസെന്റീവ് ലഭിക്കാത്തതെന്തുകൊണ്ടാണെന്ന് പറയുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ബീവറേജസ് കോർപ്പറേഷൻ മദ്യ ഉല്പാദകരിൽ നിന്നും ഇൻസെന്റീവ് വാങ്ങാറില്ല. ഇൻസെന്റീവ് വാങ്ങൽ അഴിമതി നിവാരണ നിയമത്തിന്റെ (Prevention of Corruption Act) പരിധിയിൽ വരുന്നതാണ്. കോർപ്പറേഷൻ രൂപീകരിച്ച് 1984 മുതൽ തന്നെ ഇൻസെന്റീവ് ഇനത്തിൽ ഒരു കമ്പനിയിൽ നിന്നും കോർപ്പറേഷൻ ഒരു തുകയും വാങ്ങിയിട്ടില്ല. അതിന് കാരണം ഒരു പൊതുമേഖലാ സ്ഥാപനം ഇത്തരം പണം വാങ്ങുന്നത് ക്രിമിനൽ കുറ്റമായതു കൊണ്ടുതന്നെയാണ്. ഒരു കരാറിൽ പൊതുവായി ഏർപ്പെട്ടതിനു ശേഷം ഏതെങ്കിലും ചില കമ്പനികളുടെ മാത്രം ഉല്പന്നങ്ങൾ പ്രൊമോട്ടു ചെയ്യുന്നത് ആ കമ്പനികളെ മാത്രം സഹായിക്കുന്നതും വിവേചനാധികാരം അവർക്കുവേണ്ടി മാത്രം ദുരുപയോഗം ചെയ്യുന്നതും ആയി കണക്കാക്കപ്പെടുന്നതാണ്. ഇത് കോമ്പറ്റിഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. കൂടാതെ ഉപഭോക്താവിന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും, കൂടുതൽ പണം കൊടുക്കാൻ തയ്യാറുള്ള കമ്പനികൾ മാത്രം ഏതു വിധത്തിലുള്ള മോശമായ ഉല്പന്നങ്ങളുമായി മാർക്കറ്റ് അടക്കി

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കാൻ ഇടയാവുകയും ചെയ്യും. വർഷംതോറും വിളിക്കുന്ന ടെൻഡറുകൾ വഴി ഉറപ്പിക്കുന്ന കരാർ പ്രകാരം മദ്യത്തിന്റെ മൊത്ത വിപണനം നിയന്ത്രിക്കുന്ന ബീവറേജസ് കോർപ്പറേഷന് മുകളിൽ പറയുന്ന രീതിയുള്ള ഇൻസെന്റീവ് നിയമപരമായോ, ധാർമ്മികമായോ സാമ്പത്തികനേട്ടം എന്ന നിലയ്ക്കോ വാങ്ങാൻ സാധ്യമല്ല.

ഇൻസെന്റീവ് സ്വീകരിച്ച് മദ്യം വാങ്ങിയാൽ ആ മദ്യം വിറ്റഴിക്കേണ്ട പൂർണ്ണ ഉത്തരവാദിത്വം ഇൻസെന്റീവ് വാങ്ങിയവർക്കാണ്. ഇതിൽ വിറ്റഴിക്കാൻ കഴിയാതെ വരുന്ന മുഴുവൻ മദ്യത്തിന്റെയും നികുതി അടക്കമുള്ള നഷ്ടം സഹിക്കേണ്ടി വരുന്നത് ഇൻസെന്റീവ് വാങ്ങിയവരാണ്.

ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം ഉല്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾ

100 [2820] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. പി. മോഹനൻ :
,, സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ഉല്പാദിപ്പിക്കുന്ന എത്ര ഡിസ്റ്റിലറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ വർഷങ്ങളിലാണ് ഈ ഡിസ്റ്റിലറികൾക്ക് ലൈസൻസ് നൽകിയതെന്ന് കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതിന്റെ പേരിൽ ഏതെങ്കിലും ഡിസ്റ്റിലറികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ ഡിസ്റ്റിലറികൾക്കെതിരെയാണ് എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കുന്ന പതിനൊന്നു ഡിസ്റ്റിലറികളും എട്ട് ബ്ളൻഡിംഗ് യൂണിറ്റുകളും സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(സി) ഇല്ല.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly